**No.1371/SDI/Admin/KEPA/2017.**
ഭരണ വിഭാഗം
സീനിയർ ഡ്രിൽ ഇൻസ്ട്രക്ടറുടെ
കാര്യാലയം, കേരള പോലീസ് അക്കാദമി
രാമവർമ്മപുരം, തിയ്യതി:21.12.2017.

സ്വീകർത്താവ്

ഗാർഡ് കമാൻഡർ,
ന്യൂ ഗാർഡ്, കേരള പോലീസ് അക്കാദമി,
രാമവർമ്മപുരം.

സർ,

വിഷയം: കേരള പോലീസ് അക്കാദമി, മോഡൽ പോലീസ് സ്റ്റേഷൻ (ഇ പോസ്റ്റ്) സെൻട്രി ഡ്യൂട്ടി ചെയ്തിരുന്ന പി.സി 9375 അജീഷ് സമർപ്പിച്ച കത്ത് പ്രകാരമുള്ള നടപടികൾ പാലിക്കപ്പെടുന്നത് സംബന്ധിച്ച്.

സൂചന: ഇല്ല.

മേൽ വിഷയത്തിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു.

കേരള പോലീസ് അക്കാദമി കോംപൗണ്ടിലൂടെ സ്കൂൾ വാഹനങ്ങളിൽ അശ്രദ്ധമായും, അലക്ഷ്യമായും കുട്ടികളെ കൊണ്ടുപോകുന്നതിനെക്കുറിച്ച്, 19.12.2017 തിയ്യതി 14.50 മണി സമയം മോഡൽ പോലീസ് സ്റ്റേഷൻ (ഇ പോസ്റ്റ്) പാറാവ് ഡ്യൂട്ടി ചെയ്തിരുന്ന പി.സി 9375 അജീഷ് ഡ്യൂട്ടി ഓഫീസിൽ നൽകിയ റിപ്പോർട്ട് എന്റെ ഓഫീസിലേക്ക് നൽകുകയും, ആയതിന്റെ നിജസ്ഥിതി അന്വേഷിച്ചറിഞ്ഞതിൽ ശരിയാണെന്നു കണ്ടെത്തിയിട്ടുള്ളതുമാണ്.

ആയതിനാൽ താങ്കളുടെ കീഴിലുള്ള പാറാവ് ഡ്യൂട്ടിക്കാരോട്, മോട്ടോർ വെഹിക്കിൾ ആക്റ്റ് പ്രകാരം ഒരു ഓട്ടോറിക്ഷയിൽ കയറ്റാവുന്ന കുട്ടികളുടെ എണ്ണത്തിൽ (6 കുട്ടികൾ) കൂടുതൽ കയറ്റിവരുന്ന ഓട്ടോകളും നിയമം ലംഘിച്ചുവരുന്ന മറ്റ് വാഹനങ്ങളെയും ഗേറ്റിൽ തടഞ്ഞ് നിർത്തേണ്ടതും സ്കൂൾ കുട്ടികൾക്ക് സ്കൂളിൽ എത്തുന്നതിന് ബുദ്ധിമുട്ട് ഇല്ലാത്ത വിധം ക്രമീകരിച്ച് വാഹനങ്ങൾ അയക്കുന്നതിനും അപ്രകാരം അകത്ത് വരുന്ന വാഹനങ്ങൾ സ്കൂളിനു മുൻവശത്തെ റൗണ്ട് എബൗട്ടിൽ നിന്ന് ഇടത്തോട്ട് തിരിഞ്ഞ് ഹെർബൽ ഗാർഡനു മുൻവശത്തുകൂടി വലത്തോട്ട് തിരിഞ്ഞ് ആംഫിതിയ്യറ്ററിനു പിറകുവശം കുട്ടികളെ ഇറക്കി റൗണ്ട് എബൗട്ട് തിരിഞ്ഞ് അക്കാദമി കോംപൗണ്ടിനു പുറത്തു പോകാൻ നിർദ്ദേശിക്കേണ്ടതും കൂടാതെ അക്കാദമി കാംപസിനകത്ത് സ്ഥാപിച്ചിട്ടുള്ള ബോർഡ് പ്രകാരം വാഹനങ്ങൾക്ക് പരമാവധി സ്പീഡ് ലിമിറ്റ് 30Km/Hrs എന്നത് കർശനമായി പാലിക്കുന്നത് ഉറപ്പ് വരുത്തേണ്ടതും മെയിൻഗേറ്റിൽ (സി-പോസ്റ്റ്) ഡ്യൂട്ടിചെയ്യുന്ന സേനാംഗങ്ങൾക്കും മോഡൽ പോലീസ് സ്റ്റേഷൻ പാറാവ് ഡ്യൂട്ടിയിലുള്ള ടേൺ ഡ്യൂട്ടിക്കാരനോടും നിർദ്ദേശിച്ച് പ്രസ്തുത കാര്യങ്ങൾ ഉറപ്പുവരുത്തി ഡ്യൂട്ടി ചെയ്യാൻ നിർദ്ദേശം നൽകേണ്ടതാണ്.

Mr G.K.G.
Mr. Gineesh. S.
Shiny. S.
for the needful.
[signature] 21/12/17

**KL-08-AS -5704, KL-08-AM 8273, KL-08-AY 1235** എന്നീ നമ്പറിലുള്ള ഓട്ടോറിക്ഷകൾ നാളെ (22.12.2017) മുതൽ അക്കാദമി കോംപൗണ്ടുകളിൽ പ്രവേശനം നിരോധിച്ച സംഗതി ഡ്രൈവർമാരെ നേരിട്ട് സി-പോസ്റ്റ് സെൻട്രി അറിയിക്കുകയും പ്രസ്തുത വാഹനങ്ങൾ യാതൊരു കാരണവശാലും അകത്തേക്ക് കടക്കാതിരിക്കാൻ നിർദ്ദേശിക്കേണ്ടതുമാണ്. അക്കാദമി എ.സി ക്യു.എം അവർകളുമായി ബന്ധപ്പെട്ട് റൗണ്ട് എബൗട്ടിൽ വാഹനങ്ങൾ തിരിയുന്നതിനുള്ള ദിശാ സൂചികകൾ സ്ഥാപിച്ചു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കപ്പെടേണ്ടതാണ്.

വിശ്വസ്തതയോടെ,

31/12

**സീനിയർ ഡ്രിൽ ഇൻസ്ട്രക്ടർ**
**ഭരണവിഭാഗം**
**കേരള പോലീസ് അക്കാദമി**
**രാമവർമ്മപുരം, തൃശ്ശൂർ**

പകർപ്പ് : കേരള പോലീസ് അക്കാദമിയിലെ എല്ലാ അസി. ഡയറക്ടർ മാർക്കും , എ.സി 1 & 2 വിങ്, എ.സി. ക്യു.എം., ഡ്യൂട്ടി ഓഫീസർക്കും അറിവിലേക്കായി

Received copy PC-sano

ഇൻസ്പെക്ടറുടെ കാര്യാലയം (ഭരണവിഭാഗം)
കേരള പോലീസ് അക്കാദമി
തീയതി..................
തൃശ്ശൂർ